"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - മണ്ണിടിച്ചിൽ മൂലം വീട് അപകടാവസ്ഥയിലായ ശ്രീ. അസ്സാമു, ശ്രീമതി സൈറാബാനു, ശ്രീമതി റഷീദ എന്നിവരെ മാറ്റിപാർപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്**

**സ.ഉ.(സാധാ) നം.9/2026/RD** **തീയതി,തിരുവനന്തപുരം, 03-01-2026**

---

പരാമർശം:-

1. സ.ഉ.(കൈ)നം.25/2019/ഡി.എം.ഡി തീയതി, 23.08.2019.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 20.12.2025-ലെ DCKKD/9883/2024-F1 നമ്പർ കത്ത്.
3. സ.ഉ.(സാധാ)നം.764/2025/ഡി.എം.ഡി. തീയതി, 20.12.2025.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ ചെറുവണ്ണൂർ വില്ലേജിലെ ശ്രീ. അസ്സാമു S/o അബ്ദു, ബൈത്തുൽനൂർ, കിഴക്കേത്തടം പറമ്പ്, പള്ളിത്താഴം, കൊളത്തറ പി.ഒ.; ശ്രീമതി സൈറാബാനു തിരുത്തലിൽ, ബൈത്തുൽ ശബ്ദം, പള്ളിത്താഴം, കൊളത്തറ; ശ്രീമതി റഷീദ കാഞ്ഞിക്കൽ ഹൗസ്, പള്ളിത്താഴം, കൊളത്തറ പി.ഒ. എന്നിവരുടെ വീടും സ്ഥലവും വാസയോഗ്യമല്ലാതായിതീർന്നതിനാൽ, ടിയാളുകൾക്ക് ദുരന്ത സാധ്യതാ പ്രദേശത്ത് നിന്നും മാറി വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ വീതം അനുവദിക്കുവാൻ അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. ദുരന്ത സാധ്യതാ മേഖലയിലാണ് എന്ന് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി വാസയോഗ്യം അല്ല എന്ന് കണ്ടെത്തി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് / വസ്തുവും വീടും ഒരുമിച്ച് വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീ. അസ്സാമു S/o അബ്ദു, ശ്രീമതി സൈറാബാനു, ശ്രീമതി റഷീദ എന്നിവർക്ക് വാസയോഗ്യമായ വീടോ സ്ഥലമോ മറ്റെവിടേയും ഇല്ല എന്ന് കോഴിക്കോട് തഹസിൽദാർ, കോഴിക്കോട് ജില്ലാ കളക്ടർ എന്നിവർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശം (3) ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

3. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. അസ്സാമു, ശ്രീമതി സൈറാബാനു, ശ്രീമതി റഷീദ എന്നീ 3 ഗുണഭോക്താക്കൾക്ക് ദുരന്ത സാധ്യതാ പ്രദേശത്ത് നിന്നും മാറി വസ്തു വാങ്ങി വീട്

നിർമ്മിക്കുന്നതിനോ/ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) വീതം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിതരണത്തിന് ആവശ്യമായ വരുന്ന 30,00,000/-രൂപ (10 ലക്ഷം * 3) (മുപ്പത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി എൻ**

**ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, കോഴിക്കോട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്. ബി/ഡി.ആർ.എഫ്. സി) വകുപ്പുകൾ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.Rev-DRF-A2/44/2025-REV).

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 05-01-2026 10:49:14

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്